**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **16-09-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിനുള്ള പുതിയ നിബന്ധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കർഷകരിൽ നിന്നുള്ള നെല്ല് സംഭരണത്തിനായി സപ്ലൈകോ പുതിയ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കർഷകരിൽ നിന്ന് നെല്ല് സംഭരണത്തിനായി സപ്ലൈകോ ഈ വർഷം മുതൽ പുതിയ നിബന്ധനകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന നിബന്ധന കളിൽ നെല്ലിന്റെഗുണനിലവാരത്തെക്കുറിച്ച് അറിവില്ല എന്ന് പല കർഷകരും അറിയിച്ചിരുന്നു. ആയതിനാൽ കർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി നിലവിലുള്ള കർഷക രജിസ്ട്രേഷൻ നിബന്ധനകളിലെ 11-ാം നമ്പർ നിബന്ധനയിൽ പറയുന്ന കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന നെല്ലിന്റെഗുണനിലവാര മാനദണ്ഡ പ്രകാരമുള്ള നെല്ലാണെന്ന് കർഷകർ ഉറപ്പ വരുത്തുന്നതിനായി കർഷക രജിസ്ട്രേഷൻ നടപടി ക്രമത്തിൽ അവസാനം ഒരു സാക്ഷ്യപത്രം ഇതുമായി ബന്ധപ്പെട്ട് കൂട്ടിച്ചേർത്തിട്ടുണ്ട്. കൂടാതെ നെല്ല് സംഭരണം കേന്ദ്ര സർക്കാർ ആവിഷ്കൃത പദ്ധതിയാണെന്നും അതിനാൽ നെല്ലിന്റെ വില ലഭിക്കുന്നതിനുള്ള കാലതമാസത്തെക്കുറിച്ച് കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി സംഭരണ വിലയെ സംബന്ധിച്ചുള്ള വിശദീകരണത്തിൽ നെല്ലിന്റെവില കേന്ദ്ര /സംസ്ഥാന സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ കർഷകർക്ക് നെല്ലിന്റെവില നൽകുന്നതിന് സാധ്യമാകുകയുള്ളൂ എന്നു കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി കർഷകർക്ക് ബാധ്യത വരാത്തവിധത്തിൽ പി.ആർ.എസ് വായ്പാപദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | സപ്ലൈകോ ശേഖരിക്കുന്ന നെല്ലിൽ എത്ര ശതമാനം വരെ ഈർപ്പവും പതിരും ആകാമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്; | (ബി) | കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നെല്ല് സംഭരണ പദ്ധതിയുടെ ഗുണനിലവാര മാനദണ്ഡങ്ങളും പ്രത്യേകമായി കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര |

| | | | |
|---|---|---|---|
| | | | മാനദണ്ഡപ്രകാരം ഈർപ്പം 17% വരെയും പതിര് 3% വരെയും ആകാമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. |
| (സി) | സപ്ലൈകോ ശേഖരിക്കുന്ന നെല്ലിന്റെ വില നൽകുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ നെല്ല് സംഭരണം നടന്നതിനുശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾവഴി അരിയാക്കി ആയത് സർക്കാരിന്റെപൊതുവിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ കണക്കുകൾ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക സപ്ലൈകോയ്ക്ക് ലഭ്യമാകുന്നത്. സാധാരണഗതിയിൽ നെല്ല് സംഭരണ സമയം മുതൽ കേന്ദ്ര സർക്കാരിൽനിന്നും ആയതിന്റെ തുക മേൽപ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 8 മുതൽ12 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെവില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് പി.ആർ.എസ് (Paddy Receipt Sheet) വായ്പാപദ്ധതി മുഖേന സപ്ലൈകോ സംഭരണ വില നൽകുന്നത്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ് വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. |
| (ഡി) | കർഷകർക്ക് നൽകാനുള്ള പണം യഥാസമയം നൽകുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | **കർഷകരിൽ നിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) സംഭരിച്ച നെല്ലിന് അതിന് തുല്യമായ തുക നൽകുന്നതിന് പി.ആർ.എസ് അത്യാവശ്യമാണ്.** കർഷകർക്ക് നിശ്ചിത സമയത്തിനുള്ളിൽ പി.ആർ.എസ് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ സപ്ലൈകോ ഏർപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പി.ആർ.എസ് |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് വീഴ്ച്ച വരുത്തുന്ന മില്ലുകൾക്കെതിരെ പിഴ ചുമത്തുന്നുമുണ്ട്. സപ്ലൈകോയ്ക്ക് ലഭിക്കുന്ന കേന്ദ്ര, സംസ്ഥാന ഫണ്ടുകളാണ് നിലവിൽ നെല്ല് സംഭരണത്തിന് വിനിയോഗിക്കുന്നത്. ഇത് ലഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നേരിട്ടാൽ കർഷകർക്ക് യഥാസമയം സംഭരണ തുക ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ളതാണ് പി.ആർ.എസ് വായ്പാപദ്ധതി. ഇപ്രകാരം കേന്ദ്ര, സംസ്ഥാന ഫണ്ടുകളിലൂടെയും പി.ആർ.എസ് പദ്ധതിയിലൂടെയും നെൽ കർഷകർക്ക് ഫണ്ട് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ സപ്ലൈകോ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ